**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1283** **11-09-2023 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി-പക്രന്തളം റോഡ് പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കുറ്റ്യാടിയിൽ നിന്നും വയനാട്ടിലേക്കുള്ള പ്രധാന പാതയായ കുറ്റ്യാടി-പക്രന്തളം റോഡ് തകരാറിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പ്രസ്തുത റോഡ് പുനരുദ്ധാരണത്തിന് അനുമതി നൽകുന്നത് പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ? | (ബി) | കെ.ആർ.എഫ്.ബി-പി.എം.യു-വിന്റെ കീഴിൽ കിഫ്ബി പദ്ധതിയിലുൾപ്പെട്ട ഹിൽ ഹൈവേ കുഞ്ഞോം നിരവിൽപുഴ തൊട്ടിൽപ്പാലം പ്രവൃത്തിയിൽ ഉൾപ്പെട്ടതാണ് കുറ്റ്യാടി പക്രന്ത റോഡിന്റെ തൊട്ടിൽപ്പാലം മുതൽ പക്രംന്തളം വരെയുള്ള ഭാഗം. ഹിൽ ഹൈവേ കുഞ്ഞോം-നിരവിൽപുഴ-തൊട്ടിൽപാലം റോഡിൽ സ്ട്രെച്ച്-1 ചുങ്കക്കുറ്റി മുതൽ പൂതാംപാറ ബ്രിഡ്ജ് വരെയും സ്ട്രെച്ച്-2 പൂതാംപാറ മുതൽ തൊട്ടിൽപ്പാലം വരെയുമുള്ളതാണ്. പ്രസ്തുത റോഡുകളുടെ തകരാറുകൾ പരിഹരിക്കുന്നതിനും റോഡ് ഗതാഗത യോഗ്യമാക്കുന്നതിനുമായി 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ പ്രവൃത്തികൾ (Patch work) പുരോഗമിക്കുന്നു. ഹിൽ ഹൈ കുഞ്ഞോം -നിറവിൽപുഴ-തൊട്ടിൽപാലം (സ്ട്രെച്ച്-1)-ചുങ്കക്കുറ്റി മുതൽ പൂതാംപാറ ബ്രിഡ് വരെയുംള്ള സ്ട്രെച്ചിനു 38.47 കോടി രൂപയുടെ സാമ്പത്തിക അനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ (Fre Surrender) പുരോഗമിക്കുന്നു. ഭൂമി ലഭ്യത ഉറപ്പാക്കിയതിനു ശേഷം സാങ്കേതിക അനുമതിക്കുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കുന്ന മുറയ്ക്ക് സാങ്കേതിക അനുമതി നൽകി പ്രവൃത്തി ടെൻഡർ ചെയ്യുന്ന നടപടികൾ ആരംഭിക്കുന്നതാണ്.<br><br>ഹിൽ ഹൈവേ കുഞ്ഞോം -നിറവിൽപുഴ-തൊട്ടിൽപാലം (സ്ട്രെച്ച് 2) -പൂതാംപാറ മുതൽ തൊട്ടിൽപ്പാലം (7.225 Km ) വരെയുള്ള |

| | | | | |
|---|---|---|---|---|
| | | | | സൂച്ചിനു 45.34 കോടി രൂപയുടെ സാമ്പത്തിക അനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് പരിശോധിച്ച് ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കി സാങ്കേതികാനുമതിക്കായുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ